# യാക്കോബും യോസേഫും – ദൈവികപദ്ധതി

**പാഠഭാഗം:** ഉൽപ. 37–50 അധ്യായങ്ങൾ

**മനഃപാഠം:** സങ്കീ. 37:3–5

“യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക; ദേശത്തുപാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നെ രസിച്ചുകൊൾക. അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു നൽകും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക അവൻ അതു നിർവഹിക്കും”.

**താക്കോൽവാക്യം:** നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ പകയ്ക്കുന്നവർക്കു ഗുണം ചെയ്‌വിൻ (ലൂക്കൊ. 6:2).

**ലക്ഷ്യം:** ഗുണമായാലും ദോഷമായാലും ദൈവഹിതപ്രകാരമല്ലാത്തതൊന്നും ദൈവജനങ്ങൾക്കു ലഭിക്കുന്നില്ല. ഉപകാരസ്മരണയും നന്ദിയും ദൈവജനത്തിന് അത്യാവശ്യമാണ്. ദൈവം ജീവിതപ്രയാണത്തിൽ ഏറ്റവും അടുത്ത തുണയാണ്. വിശ്വസ്തതയോടെ ദൈവത്തെ സേവിച്ചാൽ അന്ത്യം ആദിയെക്കാൾ അനുഗ്രഹകരമായിത്തീരും.

മുൻപാഠത്തിൽ നാം യാക്കോബിന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങളിൽ ചിലതു പഠിച്ചു. ഉപായത്താൽ ചതിച്ച ഏശാവിനെ എതിരേൽക്കേണ്ട ആവശ്യം വന്നപ്പോൾ താൻ എന്താണു ചെയ്തത്? ഉപായിയായ തന്നെ പലവട്ടം ചതിച്ചു വാക്കുമാറ്റിയ അമ്മായിയപ്പനെ ഒഴിവാക്കി യാക്കോബ് കനാനിലേക്ക് ഓടിപ്പോകുമ്പോൾ താൻ അനുഭവങ്ങളിലൂടെ പുതിയ മനുഷ്യനായി മാറുകയായിരുന്നു. തന്റെ വീഴ്ചകൾ തിരിച്ചറിഞ്ഞ യാക്കോബ് മടങ്ങിവരുമ്പോൾ ഏശാവിന്റെ അടുക്കൽ സമാധാനദൂതുമായി, സമ്മാനങ്ങളുമായി ആളയയ്ക്കുന്നു. താൻ ചെയ്ത ദോഷപ്രവൃത്തികൾക്കു പകരം, നന്മയായതു ചെയ്യണമെന്നു തിരിച്ചറിഞ്ഞു. രാത്രിയിൽ യാബോക്ക് കടവിൽ, തനിക്കുള്ളതെല്ലാം

# Jacob and Joseph: Divine Plan

**Scripture Portion:** Gen. 37 – 50

**Memory Verse**: Ps. 37: 3-5

Trust in the Lord and do good; so you will dwell in the land, and enjoy security.

Take delight in the Lord, and He will give you the desires of your heart

**Key Verse:** Luk. 6:2

**Objective**: The people of God get everything, good or bad, according to the will of God. They should be thankful to God, God is the very present help in the life journeys. The end will be better than the beginning if we serve God sincerely.

In the last chapter, we have learnt the important events in the life of Jacob. What did Jacob do when he had to encounter Esau? Jacob becomes a new man with experiences as he feels Canaan after being repeatedly deceived by Laban. When Jacob understands his failures, he sends men with gifts and message of peace to Esau. He discerns that goodness is to be done instead of doing evil. Jacob prayed and confessed after made his possessions across the stream. He said, “I will not let you unless you bless me.” and wrestled with God. His name has been changed on the very night from Jacob to Israel. How God changed the men who put their trust

അക്കരെ കടത്തിയശേഷം ദൈവസന്നിധിയിൽ കരഞ്ഞ്, അനുതപിച്ചു: "എന്നെ അനുഗ്രഹിച്ചല്ലാതെ വിടില്ല" എന്നു പറഞ്ഞ് ദൈവത്തോടു മല്ലുപിടിക്കുന്നു. ആ രാത്രിയിൽ ഉപായി എന്നു വിളിക്കപ്പെട്ടിരുന്നവൻ, യിസ്രായേൽ (അർഥം-ദൈവത്തിന്റെ പ്രഭു) എന്ന പേരിനർഹനാകുന്നു. നോക്കൂ, ദൈവസന്നിധിയിൽ അഭയം പ്രാപിച്ചവനെ ദൈവം മാറ്റിയെടുക്കുന്നതെങ്ങനെയെന്ന്.

ശേഖേമിൽ താൻ താമസിക്കുമ്പോൾ, ഏകപുത്രി ദീനാ, കനാന്യരെ സന്ദർശിച്ചതു മുഖാന്തരം അപമാനിക്കപ്പെടാനും പാപത്തിൽ വീഴാനുമിടയായി. നിലമറന്നു പെരുമാറിയതിനാൽ അവൾ അപമാനിക്കപ്പെടുക മാത്രമല്ല, അവൾ മൂലം സഹോദരങ്ങൾ രക്തച്ചൊരിച്ചിൽ ഉണ്ടാക്കുവാനും കാരണമായി. യാക്കോബ് തന്നെ ദൈവം നേരത്തെ സന്ദർശിച്ച ബെഥേലിലേക്കു താമസവുംമാറ്റി. എന്നാൽ, അവിടെ യഹോവയ്ക്ക് യാഗപീഠം പണിതു ആരാധിച്ചു. തുടർന്നായിരുന്നു തന്റെ പ്രിയ ഭാര്യ റാഹേലിന്റെയും യിസ്ഹാക്കിന്റെയും മരണവും അടക്കവും.

**യോസേഫ് ഇഷ്ടപുത്രൻ** (ഉൽപ. 37-41 അധ്യായങ്ങൾ)

തന്റെ പ്രിയ ഭാര്യയിലെ ആദ്യജാതനായ യോസേഫിനെ യാക്കോബ് വളരെ സ്നേഹിച്ചിരുന്നു. വീട്ടിലെ അന്തരീക്ഷം അവന് ആത്മീയ പാഠങ്ങൾ ലഭിക്കുന്നതിനു കാരണമായിരുന്നു. അങ്ങനെ യോസേഫ് ഭാവിസൂചകമായ സ്വപ്നങ്ങൾ കണ്ടു. തന്നിലൂടെയുള്ള ദൈവികപദ്ധതികളുടെ സൂചകമായിരുന്നു അവ. (ബൈബിളിൽ നിന്നും സ്വപ്നങ്ങൾ കണ്ടുപിടിക്കുക). യാക്കോബ് യോസേഫിനു വിശിഷ്ടമായ നിലയങ്കി നൽകി. എന്നാൽ, സഹോദരന്മാർക്ക് യോസേഫിനോടു പകവർധിക്കാൻ ഇതൊക്കെ കാരണമായി. ആടിനെ മേയിച്ച് ശേഖേമിലായിരുന്ന സഹോദരന്മാരുടെ ക്ഷേമാന്വേഷണത്തിനായി പിതാവ് യോസേഫിനെ അയച്ചു. ശേഖേമിൽ വന്നപ്പോൾ അവർ ദോഥാനിലേക്കു പോയിരുന്നു. യോസേഫ് ദോഥാനിലേക്കു ചെന്നു. ദൂരവേ യോസേഫിനെ കണ്ട സഹോദരന്മാർ അവനെ ഇല്ലായ്മചെയ്യാൻ ആഗ്രഹിച്ചെങ്കിലും മൂത്തസഹോദരൻ രൂബേൻ ഇടപെട്ടതിനാൽ അവൻ പൊട്ടക്കിണറ്റിലിടപ്പെട്ടു. എന്നാൽ, യിശ്മായേല്യ കച്ചവടക്കാരെ കണ്ടപ്പോൾ രൂബേനറിയാതെ മറ്റു സഹോദരന്മാർ അവനെ 20 വെള്ളിക്കാശിനു വിറ്റു. ഒരു കോലാടിനെ കൊന്ന്

in God?

As Jacob lived at Shechem, Dina, his only daughter sinned and was insulted by the Canaanites. It caused blood shedding among brothers and Jacob shifted to Bethel, where God spoke to him earlier. There, he built altar and worshipped God. After theses events, his wife Rachel and father, Isaac were died and being buried.

**Joseph, the Loving son (Gen.37 – 41)**

Jacob loved Joseph, who was the son of his loving wife. Joseph was given proper spiritual lessons from the house. Thus, he saw visions and they were the symbols of God's work through him. (Find about his visions from Bible) Jacob made him a long robe with sleeves. Due to these reasons, brothers develop a sense of hatred towards Joseph. Once, Joseph was sent to Shechem, to see the welfare of his brothers who were tending the sheep. When he reached there, he found them leaving for Dotham. His brothers, seeing him afar, planned to kill him; but Reuben intervened and Joseph was being casted into a pit. They sold him to the Ishmaelites by 20 sheckels of silver. It was done without the knowledge of Reuben. Then, his brothers, took Jospeh's robe and killed a goat, and dipped the robe in the blood. 'And they sent the long robe with sleeves and brought it to their father'. Thus Jacob becomes sorrowful and he also suffered painful life due to Judea. See the events happened in one's life who was very smart in his life.

Joseph was then sold to Potiphar as a

രക്തത്തിൽ യോസേഫിന്റെ നിലയങ്കി മുക്കി, നിന്റെ മകൻ കൊല്ലപ്പെട്ടു എന്നു പറഞ്ഞു പിതാവിനു കൊടുത്തയച്ചു. യാക്കോബിനു വീണ്ടും ദുഃഖം. മറ്റൊരു പുത്രനായ യെഹൂദ നിമിത്തവും യാക്കോബിനു ദുഃഖിക്കേണ്ടിവന്നു. അതിസാമർഥ്യം കാണിച്ചവനുണ്ടായ അനുഭവങ്ങൾ നോക്കുക. മനസമാധാനം നഷ്ടപ്പെടുന്നത് എന്ത് കടുത്ത ശിക്ഷയാണ്.

എന്നാൽ, യോസേഫിനെ മിസ്രയീമ്യ ഉദ്യോഗസ്ഥനായ പൊത്തിഫെറിനു അടിമയായി വിൽക്കുകയായിരുന്നു. പൊത്തിഫെറിന്റെ വീട്ടിൽ യോസേഫ് ഏറെ പ്രലോഭിക്കപ്പെട്ടു. ഗുരുതരമായ പാപത്തിൽ വീഴാതെ താൻ ഒഴിഞ്ഞുമാറിയതിനാൽ കാരാഗൃഹത്തിലടയ്ക്കപ്പെട്ടെങ്കിലും ആ കഷ്ടതയിലും ദൈവംതന്നെ കൈവിട്ടില്ല. തന്നെ സഹായിക്കാമെന്നേറ്റ സഹതടവുകാരൻ തക്കസമയത്തു സഹായിച്ചില്ലെങ്കിലും ദൈവം മറ്റു മുഖാന്തരങ്ങളിലൂടെ അവനെ ഉയർത്തി. കഷ്ടപ്പാടിന്റെ പടികൾ താണ്ടി തന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനു അടുത്തു താൻ എത്തി. ദൈവത്തിന്റെ സമയമായപ്പോൾ ഫറവോൻ കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനത്തിലൂടെ കാരാഗൃഹമോചിതനായി യോസേഫ് മിസ്രയീമിൽ മന്ത്രിയായി. തന്റെ കഷ്ടതകൾ ഉയർച്ചയ്ക്കു മുന്നോടിയായിട്ടുള്ളവ ആയിരുന്നു.

**യാക്കോബ് – യോസേഫ് പുനഃസമാഗമം** (41–46 വരെ)

മിസ്രയീമിൽ വലിയ ക്ഷാമമുണ്ടായപ്പോൾ യോസേഫിന്റെ പദ്ധതികൾ പ്രകാരം ധാന്യശേഖരമുണ്ടാക്കിയിരുന്നു. എന്നാൽ, കനാനിലും വലിയ ക്ഷാമം ഉണ്ടായി. യാക്കോബ് പുത്രന്മാരെ ധാന്യം വാങ്ങുവാൻ മിസ്രയീമിലേക്ക് അയച്ചു. ഫറവോന്റെ മന്ത്രിയായ യോസേഫ് അവരെ തിരിച്ചറിഞ്ഞു. എന്നാൽ, അവർ അറിഞ്ഞില്ല. പല പരിശോധനകളും പരീക്ഷകളും ചെയ്ത് അവരുടെ ഉള്ളുകള്ളികൾ വെളിയിൽ വരുത്തി (ബൈബിളിൽനിന്ന് കണ്ടുപിടിക്കുക). യോസേഫ് അവർക്കു തന്നെത്താൻ വെളിപ്പെടുത്തി. തന്റെ പിതാവിനെ കൂട്ടിക്കൊണ്ടുവരുവാൻ അവൻ ആവശ്യപ്പെട്ടു.

യോസേഫിന്റെ സ്വപ്നപൂർത്തീകരണത്തിനുള്ള സമയം ആഗതമാകുകയായിരുന്നു. ദൈവത്തിന്റെ പദ്ധതികൾ എത്ര കൃത്യവും വ്യക്തവുമായി തക്കസമയത്ത് പൂർത്തീകരിക്കുന്നു എന്നു നോക്കുക.

യോസേഫ് പിതാവിനെ കൂട്ടിക്കൊണ്ടുവരുവാൻ രഥങ്ങളും സമ്മാനങ്ങളും കനാനിലേക്കയച്ചു. യാക്കോബ് ബേർശേബയിൽ നിന്നും

slave. There he was being lured by Potiphar's wife and he was put ino jail. God did not forsake him, because he was blameless in the eyes of the Lord. The jail mate, who promised to help him, had forgotten him at the time of need, God uplifted him through other ways. Joseph reached near to the fulfillment of his vision, after being suffered a lot. Joseph was released from jail as he could interpret the dream of Pharao. Thus he becomes the minister in Egypt. His sufferings were the gateway to his blessings.

### Jacob meets Joseph (Gen.41-46)

A great famine occurred in Egypt, and grain was stores up in great abundance by Jospeh. This time, famine also affected in Canaan. Jacob sends, now his sons to Egypt, to have grain. Jospeh recognized them, but they did not realize him. Joseph did certain tactics to make them reveal their intentions. (Find them from Bible) Joseph revealed himself and asked them to bring Jacob, his father.

Now, the time comes for the fulfillment of Jospeh's vision. God's plan is perfect and it will be fulfilled at right time.

Joseph, thus, sends chariots and gifts to Canaan, to his father, to bring him to Egypt. Jacob started from bethel with all of his wealth and possessions. He was 130 when he reached Egypt. Jacob blessed Pharao, and there he lived at land of Goshen. Jacob, Joseph's brothers adored Joseph. Was it not the fulfillment of Jospeh's

സകല സ്വത്തുക്കളോടും കുടുംബാംഗങ്ങളോടു കൂടെ മിസ്രയീമിലേക്കു പുറപ്പെട്ടു. അവൻ മിസ്രയീമിലെത്തിയപ്പോൾ 130 വയസ്സായിരുന്നു. യാക്കോബ് ഫറവോനെ സന്ദർശിച്ച് അവനെ അനുഗ്രഹിച്ചു. അവൻ ഗോശെൻദേശത്തു താമസമാക്കി. തന്റെ പിതാവും സഹോദരങ്ങളും തന്നെ വണങ്ങുന്നതു യോസേഫിനോടുള്ള ദൈവികവാഗ്ദാനനിവൃത്തിയല്ലേ?

**യാക്കോബിന്റെ അന്ത്യം** (ഉൽപ. 48,49 അധ്യായങ്ങൾ).

യാക്കോബ് വാർധക്യരോഗത്താൽ കിടപ്പിലായി എന്നു യോസേഫ് അറിഞ്ഞു. തന്റെ മക്കളായ മനശ്ശെ, എഫ്രയീം എന്നിവരെ അനുഗ്രഹിക്കുന്നതിനായി അപ്പന്റെ അടുക്കൽ കൊണ്ടുവന്നു. യാക്കോബ് വലങ്കൈ ഇളയവനായ എഫ്രയീമിന്റെ തലയിലും ഇടങ്കൈ മൂത്തവനായ മനശ്ശെയുടെ തലയിലും അവർ നിന്ന ക്രമത്തിൽ പിണച്ചുവെച്ച് അനുഗ്രഹിച്ചു. അനന്തരം യാക്കോബ് തന്റെ പുത്രന്മാരെ വിളിച്ച് എല്ലാവർക്കും അനുഗ്രഹങ്ങൾ കൊടുത്തു. യെഹൂദയെ അനുഗ്രഹിക്കുമ്പോൾ മശിഹ അവനിൽനിന്നു വരും എന്നു പ്രവചിച്ചു (49:10). തന്നെ പിതാവിന്റെയും മാതാവിന്റെയും കല്ലറയ്ക്കു സമീപം ഹെബ്രോനിലെ മമ്രേയിൽ മക്പേലാ ഗുഹയിൽ അടക്കംചെയ്യണമെന്നും ആവശ്യപ്പെട്ടു. അനന്തരം 147-ാമത്തെ വയസ്സിൽ യാക്കോബ് നിദ്രപ്രാപിച്ചു. പുത്രന്മാർ യാക്കോബ് പറഞ്ഞതുപോലെ അവനെ സംസ്കരിച്ചു. യോസേഫ് നിദ്രപ്രാപിക്കുമ്പോൾ അവനു 110 വയസ്സായിരുന്നു. തന്റെ ആവശ്യപ്രകാരം യിസ്രായേല്യർ മിസ്രയീമിൽനിന്നും പുറപ്പെട്ടപ്പോൾ തന്റെ അസ്ഥികൾ അവർ കൊണ്ടുപോന്നു, പിതാക്കന്മാരോടൊപ്പം അടക്കംചെയ്തു.

**യാക്കോബും യോസേഫും യേശുവിനെ വെളിപ്പെടുത്തുന്ന ചില കാര്യങ്ങൾ?**

1. ബെഥേലിൽ അവൻ കണ്ട കോവണി ഭൂമിയിൽ വെച്ചിരുന്നു. അതിന്റെ തല സ്വർഗത്തോളം എത്തിയിരുന്നു. ഇത് ഭൂമിയിൽ നിന്നും സ്വർഗത്തിലേക്കുള്ള ഏകമാർഗമായ യേശുവിനെ കാണിക്കുന്നു (യോഹ. 14:6).

2. അതിന്റെ ഒരു ഭാഗം ഭൂമിയിൽ തൊട്ടിരുന്നു. ഇതു മനുഷ്യനായിത്തീർന്ന ക്രിസ്തുവിനെ കാണിക്കുന്നു. ഇതര സഹായങ്ങൾകൂടാതെ നാം സ്വർഗത്തിലെത്തുന്നതിനു ദൈവം അവനെ നമുക്കു നൽകിയിരിക്കുന്നു.

3. യോസേഫിനെ സ്വന്തസഹോദരന്മാർ പകച്ചു. അവനെ ഇല്ലായ്മചെയ്യാൻ ശ്രമിച്ചു. യേശുവിനെ സ്വന്തജനം തള്ളിക്കളഞ്ഞു.

4. യോസേഫിനെ സ്വന്തസഹോദരങ്ങൾ 20

vision?

**The end of Jacob (Gen. 48-49)**

Joseph comes to know that Jacob, his father is sick ridden due to old age diseases. Manasseh and Ephraim are brought near Jacob, to bless them. Jacob stretched out his right hand and laid it upon the head of Ephraim, who was the younger, and his left hand upon the head of Manasseh, crossing his hands, was the first born. He blessed all his sons. While blessing Judea, he prophesied about the emerging of Messiah from him. He asked them to bury him at Machpelah, with his fathers. He died at the age of 147. His children buried him as was told by him. Jospeh died at the age of 110. When Israel starts from Egypt, jospeh's bones also were carried and buried them in Machpelah.

**How Jacob and Joseph Revealed Jesus**

**1.** Jacob at Bethel sees the ladder placed on the earth and it is high up to heaven. It shows the only way in the form of Christ, from earth to heaven. (Gen.28:12)

**2.** One of its parts is touched on earth. It shows Christ who becomes son of man. We reach God through Christ.

**3.** Joseph was hated by his own brothers and they tried to kill him. Jesus was alos rejected by his own people.

**4.** Joseph was sold by own bothers by 20sheckels of silver. Jesus was also sold by

വെള്ളിക്കാശിനു വിറ്റുകളഞ്ഞു. യേശുവിനെ 30 വെള്ളിക്കാശിനു സ്വന്തമെന്നു കരുതിയവർ തന്നെ വിറ്റു.

5. ദൈവികപദ്ധതിപ്രകാരം കഷ്ടതസഹിച്ച യോസേഫ് പിൽക്കാലത്ത് സഹോദരങ്ങൾക്കും സ്വന്തജനത്തിനും അനുഗ്രഹത്തിനു കാരണക്കാരനായി. യേശുവിന്റെ മരണപുനരുത്ഥാനങ്ങൾ ദൈവികപദ്ധതിപ്രകാരമായിരുന്നു. അതും സ്വന്തരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുടെ ഭാവിക്കനുഗ്രഹമായി.

**അഭ്യാസം**

1. യാക്കോബിന്റെയും യോസേഫിന്റെയും ജീവിതാനുഭവങ്ങൾ നിങ്ങളുടെ ജീവിതവുമായി താരതമ്യം ചെയ്ത് പ്രായോഗികജീവിതത്തിൽ നിങ്ങളും ദൈവവുമായുള്ള ബന്ധം വിലയിരുത്തുക.

യാക്കോബിന്റെ മനംമാറ്റം, യോസേഫിന്റെ സ്വപ്നങ്ങൾ, യോസേഫ് പാപത്തിൽനിന്നും രക്ഷപ്പെട്ടത്, തന്നെക്കുറിച്ചുള്ള ദൈവോദ്ദേശ്യം നിറവേറിയത് തുടങ്ങിയവ താരതമ്യം ചെയ്യുക. (ടീച്ചർ സഹായിക്കും).

30 sheckels of silver.

**5.** Joseph suffered much according to the will of God and became a blessings for brothers and own people. Jesus' death and resurrection was the plan of God. He is, thus a blessing for many who are being repented in his own blood.

**Exercise**

1. Compare our lives with that of Jacob and Jospeh and analyze our practical relationship with God?

Jacob's change of mind, vision of Joseph, Joseph's victory over sin, how the will of God is fulfilled in Joseph's life? Compare these (Teacher helps**).**

